ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യൻ സഹകരണ മേഖലയുടെ വികസനത്തിന് ആഗോള സഹകരണ സംഘടനകളുമായുള്ള പങ്കാളിത്തം സുപ്രാധാനമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi says that partnership with global cooperation organizations is vital for the development of the Indian cooperation sector.**

2. ഇന്ത്യ എ ഐ മിഷന് കീഴിലുള്ള നിർമ്മിത ബുദ്ധി സംരഭങ്ങൾ കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ് ന്യൂ ഡൽഹിയിൽ പുറത്തിറക്കി.

   **Union Minister Ashwani Vaishnav launched the artificial intelligence initiatives under the India AI Mission in New Delhi.**

3. രാജ്യത്തെ ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു.

   **Union Minister Kiren Rijiju says that the central government is committed to the welfare of the minority communities in the country.**

4. ബ്രിട്ടൺ സന്ദർശനവേളയിൽ വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിന് ഉണ്ടായ സുരക്ഷാവീഴ്ചയെ ശക്തമായി അപലപിച്ച് ഇന്ത്യ.

**India strongly condemns the security lapse suffered by External Affairs Minister S. Jaishankar during his visit to Britain.**

5. ഐ എസ് എൽ ഫുട്ബോളിൽ ഹൈദരാബാദ് - പഞ്ചാബ് പോരാട്ടം.

**Hyderabad – Punjab clash in ISL football.**

&&&&&&&&&&&&&&&&&&

## PM–COOPERATIVE

ഇന്ത്യൻ സഹകരണ മേഖലയുടെ വികസനത്തിന് ആഗോള സഹകരണ സംഘടനകളുമായുള്ള പങ്കാളിത്തം സുപ്രാധാനമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സഹകരണ മേഖലയുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി വിളിച്ചുചേർത്ത ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കാർഷിക രീതികൾ മെച്ചപ്പെടുത്തുന്നതിനായി കയറ്റുമതിയിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും, മണ്ണ് പരിശോധനാ മാതൃകകൾ വികസിപ്പിക്കാനും പ്രധാനമന്ത്രി ആവശ്യപ്പെട്ടു. സ്കൂളുകളിലും, കോളേജുകളിലും, ഐ.ഐ.എമ്മുകളിലും സഹകരണ കോഴ്സുകൾ അവതരിപ്പിക്കാനും അദ്ദേഹം നിർദ്ദേശിച്ചു. മേഖലയിലെ സാങ്കേതിക പുരോഗതി, സഹകരണ സ്ഥാപനങ്ങളിൽ യുവാക്കളുടെയും സ്ത്രീകളുടെയും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ,

മന്ത്രാലയത്തിന്റെ വിവിധ സംരംഭങ്ങൾ എന്നിവ ചർച്ചയായി. കേന്ദ്ര സഹകരണ മന്ത്രി അമിത് ഷാ, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

**PM MODI– UTTARAKHAND**

രാജ്യത്തെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് കേന്ദ്ര സർക്കാർ പ്രത്യേക ശ്രദ്ധ നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഉത്തരാഖണ്ഡിൽ ഒരു പൊതു സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വിനോദ സഞ്ചാര മേഖലയുടെ വികസനത്തിനായി കേന്ദ്ര ബജറ്റിൽ ഇത്തവണ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാൻ ഇതിലൂടെ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഉത്തരാഖണ്ഡിൽ ശൈത്യകാല വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായായിരുന്നു പ്രധാനമന്ത്രിയുടെ സന്ദർശനം.

&&&&&&&&&&&&&&&&&&

**PREZ – WOMEN'S DAY**

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ദേശീയ കോൺഫറൻസ് മറ്റന്നാൾ ന്യൂഡൽഹിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം

ചെയ്യും. 'നാരീശക്തിയിലൂടെ വികസിതഭാരതം' എന്നതാണ് പരിപാടിയുടെ പ്രമേയം. വനിതാ ശിശു വികസന മന്ത്രാലയമാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള വനിതാ പ്രതിനിധികൾ, അന്താരാഷ്ട്ര സംഘടന പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&

**ASHWINI AI EARLY**

ഇന്ത്യ എ ഐ മിഷന് കീഴിലുള്ള നിർമ്മിത ബുദ്ധി സംരഭങ്ങൾ കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ് ന്യൂ ഡൽഹിയിൽ പുറത്തിറക്കി. പൊതുമേഖലാ ഉദ്യോഗസ്ഥർക്കുള്ള എ ഐ അധിഷ്ഠിത കാര്യക്ഷമതാ ചട്ടക്കൂട്, GOT-AI പ്ലാറ്റഫോം തുടങ്ങിയവയും ശ്രീ. വൈഷ്ണവ് ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&&

**KIRAN RIJIJU-INTRO**

രാജ്യത്തെ ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു. തിരുവനന്തപുരത്ത് ദക്ഷിണ മേഖലയിലെ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമിനെക്കുറിച്ചുള്ള പ്രാദേശിക അവലോകന

യോഗത്തിലും പരിശീലന പരിപാടിയിലും പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

*എല്ലാവർക്കുമൊപ്പം എല്ലാവരുടെയും വികസനം* എന്ന സർക്കാരിൻറെ കാഴ്ചപ്പാട് എടുത്തുപറഞ്ഞ ശ്രീ റിജിജു, കേന്ദ്ര സർക്കാർ പദ്ധതികളെല്ലാം ഓരോ പൗരൻറെയും ക്ഷേമത്തിനായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണെന്നും വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## INCOME TAX BILL – PARLIAMENT

പുതിയ ആദായനികുതി ബില്ലുമായി ബന്ധപ്പെട്ട ലോക്സഭയുടെ സെലക്ട് കമ്മിറ്റി ന്യൂഡൽഹിയിലെ പാർലമെൻ്റ് ഹൗസിൽ യോഗം ചേർന്നു. ബിജെപി എംപി ബൈജയന്ത് പാണ്ടയുടെ നേതൃത്വത്തിലാണ് യോഗം ചേർന്നത്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടൻ്റ്സ് ഓഫ് ഇന്ത്യ, ഏണസ്റ്റ് ആൻഡ് യങ്ങ് എന്നിവയുടെ പ്രതിനിധികളെ സമിതി ചർച്ചയ്ക്കായി വിളിച്ചുവരുത്തി.

&&&&&&&&&&&&&&&&&&

## JAISHANKAR – SECURITY BREACH

ബ്രിട്ടൺ സന്ദർശനവേളയിൽ വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിന് ഉണ്ടായ സുരക്ഷാവീഴ്ചയെ ശക്തമായി അപലപിച്ച് ഇന്ത്യ. നേതാക്കളുടെ സന്ദർശനവേളയിൽ

സുരക്ഷാകാര്യങ്ങളിൽ ആതിഥേയ രാഷ്ട്രങ്ങൾക്കാണ് പൂർണമായ ഉത്തരവാദിത്വം. എസ്. ജയശങ്കറിനെതിരെ ഉണ്ടായ ആക്രമണം പ്രകോപനപരമായിരുന്നു വെന്നും ഇത്തരം ജനാധിപത്യ ദുരുപയോഗ പ്രവണതകളിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നുവെന്നും വിദേശകരാര്യമന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## GADKARI-MAHILA SAMMAN

തൊട്ടുകൂടായ്മ, ജാതി വിവേചനം, അസമത്വങ്ങൾ എന്നിവയിൽ നിന്ന് മോചനം നേടുന്നതിലൂടെ മാത്രമേ പുരോഗമനാത്മകമായ ഒരു സമൂഹം കെട്ടിപ്പടുക്കാൻ കഴിയൂവെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. ന്യൂ ഡൽഹിയിൽ ലോക് മാത അഹല്യാഭായ് ഹോൾക്കർ മഹിളാ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ജാതി, മതം, ഭാഷ, ലിംഗം തുടങ്ങിയ സ്വത്വങ്ങളിലൂടെയല്ല, മൂല്യങ്ങളിലൂടെയാണ് വ്യക്തികളുടെ അന്തസ്സ് നിർണ്ണയിക്കപ്പെടുന്നതെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

## RBI GOVERNOR

ബാങ്കിതര പണമിടപാട് സംവിധാന ഓപ്പറേറ്റർമാർ, ഫിൻടെക് കമ്പനികൾ എന്നിവയുമായി റിസർവ് ബാങ്ക്

ഗവർണർ സഞ്ജയ് മൽഹോത്ര ചർച്ച നടത്തി. ഇന്ത്യയുടെ ധനകാര്യമേഖലയുടെയും സമ്പദ്‌വ്യവസ്ഥയുടെയും വളർച്ചയിൽ ഫിൻടെക് മേഖലയുടെ പ്രാധാന്യം ഇന്നലെ നടന്ന യോഗത്തിൽ ശ്രീ. മൽഹോത്ര അടിവരയിട്ടു. ആർ ബി ഐ ഡെപ്യൂട്ടി ഗവർണർമാർ, ഫിൻടെക് കമ്പനി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## ISL FOOTBALL

ഐ എസ് എൽ ഫുട്ബോളിൽ ഹൈദരാബാദ് - പഞ്ചാബ് പോരാട്ടം. ഹൈദരാബാദിലാണ് മത്സരം നടക്കുന്നത്. നാളെ കൊച്ചിയിൽ നടക്കുന്ന മത്സരത്തിൽ കേരളാ ബ്ലാസ്റ്റേഴ്സ് - മുംബൈ സിറ്റിയെ നേരിടും.

&&&&&&&&&&&&&&&&&&

## KHELO INDIA PARA GAMES

ഖേലോ ഇന്ത്യ പാരാ ഗെയിംസ് രണ്ടാം പതിപ്പ് ഈ മാസം 20 മുതൽ 27 വരെ ന്യൂഡൽഹിയിൽ നടക്കുമെന്ന് കേന്ദ്ര കായിക മന്ത്രി മൻസൂഖ് മാണ്ഡവ്യ. പാരീസ് പാരാലിമ്പിക്സിലെയും, ഏഷ്യൻ പാരാ ഗെയിംസിലെയും മെഡൽ ജേതാക്കൾ ഉൾപ്പെടെ 1,230 പാരാ അത്‌ലറ്റുകൾ ഗെയിംസിൽ മത്സരിക്കും.

&&&&&&&&&&&&&&&&&&

## NIRMALA SITARAMAN-INTRO

എംഎസ്എംഇകളുടെ ഡിജിറ്റൽ സ്കോറിംഗ് അടിസ്ഥാനമാക്കിയുള്ള പുതിയ ക്രെഡിറ്റ് അസസ്മെന്റ് മോഡൽ കേന്ദ്രസർക്കാർ പുറത്തിറക്കി. വിശാഖപട്ടണത്ത് നടന്ന ബജറ്റാനന്തര ആശയവിനിമയത്തിൽ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമനും സഹമന്ത്രി പങ്കജ് ചൗധരിയും ചേർന്നാണ് പുതിയ ക്രെഡിറ്റ് അസസ്മെന്റ് മോഡൽ പുറത്തിറക്കിയത്. എംഎസ്എംഇകളുടെ ഡിജിറ്റൽ ഫൂഡ് പ്രിന്റുകളുടെ സ്കോറിംഗ് അടിസ്ഥാനമാക്കി , പൊതുമേഖലാ ബാങ്കുകൾ പുതിയ ക്രെഡിറ്റ് അസസ്മെന്റ് മോഡൽ വികസിപ്പിക്കും. വിശാഖപട്ടണത്ത് നടന്ന പ്രതിനിധി സമ്മേളനത്തിന് ശേഷം മാധ്യമപ്രവർത്തകരുമായും ശ്രീമതി നിർമ്മലാ സീതാരാമൻ സംവദിച്ചു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

**VIZHINJAM– JADE**

ലോകത്തിലെ ഏറ്റവും വലിയ ഷിപ്പിംഗ് കമ്പനിയായ എം എസ് സി യുടെ ജേഡ് സർവീസിലേക്ക് വിഴിഞ്ഞം തുറമുഖത്തെ ഉൾപ്പെടുത്തി. ഇതോടെ ഈ സർവീസിലെ ദക്ഷിണ ഏഷ്യയിലെ പ്രധാന കേന്ദ്രമായി വിഴിഞ്ഞം മാറും. ജേഡ് സെർവീസിലൂടെ ഇനി മുതൽ വിഴിഞ്ഞത്ത് നിന്ന് യൂറോപ്യൻ രാജ്യങ്ങളിലേക്ക് നേരിട്ട് ചരക്കുകൾ കൊണ്ടുപോകാനും കഴിയും. 193 കപ്പലുകളിൽ നിന്നായി 3.83 ലക്ഷം ടിഇയു ചരക്കാണ് വിഴിഞ്ഞത്ത് ഇതുവരെ

കൈകാര്യംചെയ്തത്.

&&&&&&&&&&&&&&&&&&&

## A K SASEENDRAN

കേരളത്തിൽ കാട്ടുപന്നിയുടെ സാന്നിധ്യമുള്ള പ്രദേശങ്ങളിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തി കർമസേന രൂപീകരിച്ച് പ്രത്യേക ദൗത്യം നടപ്പാക്കുമെന്ന് വനം മന്ത്രി എ.കെ ശശീന്ദ്രൻ. ഈ മാസം 15നുള്ളിൽ പ്രക്രിയ

പൂർത്തിയാക്കും. കാട്ടുപന്നികൾക്കായി വ്യാപകമായി തിരച്ചിൽ നടത്തുകയും ആവശ്യമെങ്കിൽ വെടിവെക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യും. കണ്ണൂർ മൊകേരി പഞ്ചായത്ത് ഹാളിൽ ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

&&&&&&&&&&&&&&&&&&&

## CPIM PARTY MEET

സി പി ഐ (എം) സംസ്ഥാനസമ്മേളനത്തിന് കൊല്ലത്ത് തുടക്കമായി. പ്രതിനിധി സമ്മേളനം പോളിറ്റ് ബ്യൂറോ അംഗവും, കോ-ഓർഡിനേറ്ററുമായ പ്രകാശ് കാരാട്ട് ഉദ്ഘാടനം ചെയ്തു. സിപിഐ(എം) സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. 'നവകേരളത്തിൻ്റെ പുതുവഴികൾ' എന്ന

നയരേഖ, മുഖ്യമന്ത്രി പിണറായി വിജയൻ സമ്മേളനത്തിൽ അവതരിപ്പിച്ചു.

&&&&&&&&&&&&&&&&&&

## INDO-BANGLA-RIVER-COMMISSION

ഇന്ത്യ- ബംഗ്ലാദേശ് സംയുക്ത നദീ കമ്മീഷന്റെ 86 ആമത് യോഗം ഇന്ന് കൊൽക്കത്തയിൽ ആരംഭിച്ചു. ഇരുരാജ്യങ്ങൾക്കുമിടയിൽ ഒഴുകുന്ന നദികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ യോഗം ചർച്ച ചെയ്യും.

&&&&&&&&&&&&&&&&&&

## BANGLADESH-UN

ബംഗ്ലാദേശിലെ റോഹിൻഗ്യൻ അഭയാർത്ഥികൾക്ക് ഭക്ഷണത്തിനായി നൽകുന്ന ധനസഹായം വെട്ടിക്കുറച്ച് യു. എൻ.. പ്രതിമാസം 12.5 ഡോളറിൽ നിന്ന് 6 ഡോളറായി ധനസഹായം കുറയ്ക്കുമെന്ന് വേൾഡ് ഫുഡ് പ്രോഗ്രാം അറിയിച്ചു. ധനലഭ്യതയിലെ കുറവ് ചൂണ്ടിക്കാട്ടിയാണ് ധനസഹായം കുറയ്ക്കുന്നത്. ഒരു ദശലക്ഷത്തിലധികം റോഹിൻഗ്യൻ അഭയാർത്ഥികളാണ് നിലവിൽ ബംഗ്ലാദേശിൽ ഉള്ളത്.

&&&&&&&&&&&&&&&&&&

## TAIWAN-CHINA

2025 ൽ ചൈനയുടെ പ്രതിരോധ ചിലവ് വർദ്ധിപ്പിക്കുമെന്ന റിപ്പോർട്ടിൻമേൽ ആശങ്ക രേഖപ്പെടുത്തി തായ് വാൻ . തായ് വാൻറെ പ്രധാന പട്ടണങ്ങൾക്ക് സമീപത്തെ ചൈനീസ് സേനയുടെ വിന്യാസം ആശങ്ക സൃഷ്ടിക്കുന്നു. ചൈനീസ് പ്രധാനമന്ത്രി ലി ക്വിയാങ് ചൈനയുടെ പുനരേകീകരണത്തിനായി ശക്തമായ നിലപാടുകൾ സ്വീകരിക്കുമെന്ന് പറഞ്ഞ സാഹചര്യത്തിൽ പ്രതിരോധരംഗത്തെ ചൈനയുടെ നീക്കങ്ങളെ തായ് വാൻ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര സമൂഹം സസൂഷ്മം വീക്ഷിക്കുകയാണ്.

&&&&&&&&&&&&&&&&&&

## STOCKS UPDATE

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 609 പോയിന്റ് ഉയർന്ന് 74,340 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 207 പോയിന്റ് ഉയർന്ന് 22,544 ലും വ്യാപാരം അവസാനിപ്പിച്ചു.

&&&&&&&&&&&&&&&&&&

## MANDAVIYA – HEALTHCARE

രോഗപ്രതിരോധം, ആരോഗ്യപ്രോത്സാഹനം എന്നിവയിലധിഷ്ഠിതമായ ചികിത്സയുടെ പ്രാധാന്യം അടിവരയിട്ട് കേന്ദ്രമന്ത്രി മന്സൂഖ് മാണ്ഡവ്യ. ഹരിയാനയിലെ ഫരീദാബാദിൽ നടന്ന ഒരു

സെമിനാറിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഫരീദാബാദിലെ ഇ.എസ്.ഐ.സി മെഡിക്കൽ കോളേജിൽ സജ്ജമാക്കിയ ആധുനിക ചികിത്സാ സംവിധാനങ്ങളുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&